**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3692** **09-10-2025 - ൽ മറുപടിയ്ക്ക്**

**കീടനാശിനിയുടെ അമിത ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമിതമായ തോതിൽ കീടനാശിനികൾ ഉപയോഗിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | കീടനാശിനികളുടെ വില്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കൃഷി വകുപ്പ് ഡയറക്ടറുടെ 09.08.2025-ലെ ADFW/6812/2024-TQ2 നമ്പർ മാർഗ്ഗനിർദ്ദേശത്തിന്റെ (സർക്കുലർ) പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ കൃഷിമേഖലയെ കീടനാശിനി വിമുക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | സംസ്ഥാനത്ത് കീടനാശിനി വിമുക്ത കൃഷി പ്രോത്സാഹിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭക്ഷ്യ കാർഷികോല്പാദനത്തിൽ സ്വാശ്രയത്വം വർദ്ധിപ്പിക്കൽ, മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണം ഉറപ്പാക്കൽ, കാർഷിക ജൈവവൈവിധ്യ സംരക്ഷണം, കൃഷി–കന്നുകാലി–മീൻ–തേനീച്ച വളർത്തൽ ഉൾപ്പെടുന്ന മിശ്രിത കൃഷി പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയെ അടിസ്ഥാനമാക്കി ജൈവ കാർഷിക നയം രൂപീകരിച്ചിട്ടുണ്ട്.<br><br>തുടർന്ന്, സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, കാലാവസ്ഥ വ്യതിയാനത്തിനെതിരെ ശക്തമായ ഇടപെടൽ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ജൈവ കൃഷി മിഷൻ രൂപീകരിച്ചു. മിഷന്റെ ലക്ഷ്യം ആദ്യഘട്ടത്തിൽ ജൈവ കൃഷിത്തോട്ട മാതൃകകൾ സൃഷ്ടിക്കുകയും, തുടർന്ന് ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം കൂട്ടിച്ചേർത്ത് അഞ്ചു വർഷത്തിനുള്ളിൽ 50,000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി വ്യാപിപ്പിക്കുകയുമാണ്. |

മിഷന്റെ ഭാഗമായി സംസ്ഥാനത്ത് ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP), നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF) എന്നീ പദ്ധതികളെ സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു.

(i) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി:

ജൈവ സർട്ടിഫിക്കേഷൻ (NPOP) നൽകുകയും, ഉത്തമ കൃഷി രീതികൾക്കുള്ള പരിശീലനം, ജൈവ ഉൽപ്പന്നങ്ങൾക്ക് 10% വില പ്രോത്സാഹനം, ബ്രാൻഡിങ് (Keralagro-Organic, Keralagro-Green), ജൈവ വളങ്ങൾ–കമ്പോസ്റ്റ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയ്ക്ക് 600 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ii) ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP):

14 ജില്ലകളിലായി 82000 ഹെക്ടർ വിസ്തൃതിയിൽ 164 ക്ലസ്റ്ററുകളായി നടപ്പിലാക്കുന്നു. ഓരോ ക്ലസ്റ്ററിനും മൂന്ന് വർഷങ്ങളിൽ 62.22 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നു. പരിശീലനം, കർഷക മേളകൾ, മാതൃക കൃഷിത്തോട്ടങ്ങൾ, കീടനാശിനി പരിശോധന, PGS India സർട്ടിഫിക്കേഷൻ തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(iii) നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ് (NMNF):

14 ജില്ലകളിലായി 102 ക്ലസ്റ്ററുകളിൽ 5100 ഹെക്ടർ വിസ്തൃതിയിൽ നടപ്പിലാക്കുന്നു. പ്രകൃതി കൃഷിയുമായി ബന്ധപ്പെട്ട പരിശീലനം, ഉൽപ്പാദനോപാധികൾ നിർമ്മിക്കാൻ ബയോ-ഇൻപുട്ട് റിസോഴ്സ് സെന്ററുകൾക്ക് ധനസഹായം എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുമായി സഹകരിച്ച് ജൈവ കീടനിയന്ത്രണ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയുടെ സാങ്കേതിക സഹകരണത്തോടെ ഈ യൂണിറ്റുകൾ സാറ്റലൈറ്റ് സെന്ററുകളാക്കാനുള്ള നടപടികളും പുരോഗമിക്കുന്നു.

ജൈവ കാർഷിക മിഷൻ ജില്ല, ബ്ലോക്ക്, പഞ്ചായത്തുതലങ്ങളിൽ പോഷക സമൃദ്ധി മിഷനും കൃഷിക്കൂട്ടങ്ങളുമൊത്ത് സംയോജിപ്പിച്ച്, ഉൽപ്പാദനം,

| | | | |
|---|---|---|---|
| | | | മൂല്യവർദ്ധനവ്, വിപണന മേഖലകളിൽ സംയോജിത പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ